"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം (CET)- B.Arch എട്ടാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മലേഷ്യയിൽ പഠനയാത്ര നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉന്നത വിദ്യാഭ്യാസ(ജി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2024/HEDN തീയതി,തിരുവനന്തപുരം, 12-03-2024

പരാമർശം:- 1. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ 23.02.2024 തീയതിയിലെ കത്ത്.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 24.02.2024 ലെ DTETVM/1857/2024-ACB1 നം. കത്ത്

**ഉത്തരവ്**

കോളേജ് ഓഫ് എഞ്ചിനീയറിംഗ്,തിരുവനന്തപുരം എട്ടാം സെമസ്ററർ,ബി.ആർക് വിദ്യാർത്ഥികൾക്ക് 19.03.2024 മുതൽ 23.03.2024 വരെ മലേഷ്യയിൽ പഠനയാത്ര നടത്തുവാൻ 47 വിദ്യാർത്ഥികളും 4 അധ്യാപകരും അടങ്ങുന്ന സംഘത്തിന് അനുമതി നൽകണമെന്ന് സ്ഥാപനമേധാവി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ,സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു. മലേഷ്യയിലേക്ക് പഠനയാത്ര നടത്തുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റും മാതാപിതാക്കളിൽ നിന്നുള്ള സമ്മതപത്രവും യാത്ര വിവരങ്ങളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

2.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജ് ഓഫ് എഞ്ചിനീയറിംഗ്,തിരുവനന്തപുരം(സി.ഇ.റ്റി)-ലെ B.Arch എട്ടാം സെമസ്റ്റർ 47 വിദ്യാർത്ഥികളും 4 അധ്യാപകരും അടങ്ങുന്ന സംഘത്തിന് 19.03.2024 മുതൽ 23.03.2024 വരെ മലേഷ്യയിൽ പഠനയാത്ര നടത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പഠന യാത്രയ്ക്ക് യാതൊരു വിധ ചെലവും സർക്കാർ വഹിക്കുന്നതല്ല.വിദേശ പഠനയാത്ര സംബന്ധിച്ച് നിലവിലുള്ള കേന്ദ്ര സംസ്ഥാന ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ടാണ് ടി വിദ്യാർത്ഥികളും അദ്ധ്യാപകരും മലേഷ്യൻ പഠനയാത്ര നടത്തുന്നതെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ പ്രിൻസിപ്പാളും ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ASHA A K**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പാൾ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ &ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജനസമ്പർക്ക വകുപ്പ്

**www.highereducation.kerala.gov.in**

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
സെക്ഷൻ ഓഫീസർ
Date: 12-03-2024 14:43:53